പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*100

05/03/2020-ൽ മറുപടിയ്ക്ക്

**പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ജോർജ് എം. തോമസ്**<br>**ശ്രീ. എ. എൻ. ഷംസീർ**<br>**പ്രൊഫ.കെ.യു. അരുണൻ**<br>**ശ്രീമതി. പി. അയിഷാ പോറ്റി** | **പ്രൊഫ.സി.രവീന്ദ്രനാഥ്**<br>**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) പൊതു വിദ്യാഭ്യാസ മേഖല ദുർബലപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ മൂലധനാധിപത്യത്തിനും വരേണ്യവൽക്കരണത്തിനും വഴി വെച്ചതായ സ്ഥിതി മാറ്റുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണം യജ്ഞമായെടുത്ത് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമാക്കാമോ; | (എ) സ്കൂൾ വിദ്യാഭ്യാസത്തെ ജനകീയവത്കരിക്കാനും ജനപങ്കാളിത്തത്തോടെ ഗുണമേന്മ വർദ്ധിപ്പിക്കാനും കഴിഞ്ഞു എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നൽകുന്ന അനുഭവപാഠം. പൊതുഇടങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണെന്നും അത് തളരാതെ നോക്കേണ്ടതാണെന്നുമുള്ള പൊതുബോധം കേരളീയ മനസ്സുകളിൽ മായാതെ നിലനിൽക്കുന്നു എന്ന വസ്തുത തിരിച്ചറിയാനും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സഹായകമായിട്ടുണ്ട്.<br>പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നത് വഴിയും അക്കാദമിക മികവിനായി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഫലമായും, വിദ്യാർത്ഥികളുടെ ആത്മവിശ്വാസവും പഠനഗുണതയും വർദ്ധിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി പരീക്ഷയിൽ 2016 മാർച്ചിൽ വിജയശതമാനം 96.59 ആയിരുന്നത് 2019 മാർച്ചിൽ 98.11 ആയി മാറി. മുഴുവൻ വിഷയങ്ങളിലും 'എ പ്ലസ്' (A+) ലഭിച്ച കുട്ടികളുടെ ശതമാനം 4.8 ൽ നിന്നും 2019 മാർച്ചിൽ 8.59 ശതമാനമായും ഏതെങ്കിലും ഒരു വിഷയത്തിൽ 'എ പ്ലസ്' ലഭിച്ചവരുടെ ശതമാനം 72.9 ശതമാനത്തിൽ നിന്നും 79.48 ശതമാനമായും ഉയർന്നു. ഏതെങ്കിലും വിഷയത്തിൽ 'ഡി പ്ലസ്' നേടിയ കുട്ടികളുടെ എണ്ണം 25.91 ശതമാനത്തിൽ നിന്നും 18.01 ശതമാനമായി കുറയുകയും ചെയ്തു.<br>ഹയർസെക്കന്ററി തലത്തിലും ഈ മാറ്റങ്ങൾ കാണാം. 2016 മാർച്ചിൽ 80.94 ശതമാനം കുട്ടികളാണ് ഉപരിപഠനയോഗ്യത നേടിയതെങ്കിൽ 2019 മാർച്ചിൽ |

84.33 ശതമാനമായി മാറി. എൽ.എസ്.എസ്., യു.എസ്.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളുടെ എണ്ണവും സ്കോളർഷിപ്പ് പരീക്ഷ എഴുതാൻ അർഹരായ കുട്ടികളുടെ എണ്ണവും ഈ കാലഘട്ടത്തിൽ വർദ്ധിച്ചിട്ടുണ്ട്.

2019 സെപ്റ്റംബർ 30 ന് നീതി ആയോഗ് പുറത്തുവിട്ട സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് എന്ന റിപ്പോർട്ട് പ്രകാരം വിദ്യാഭ്യാസ രംഗത്തെ മൊത്തം പ്രകടനം കണക്കാക്കി കേരളം ഒന്നാം സ്ഥാനത്താണ്. കേരളത്തിന് ലഭിച്ച സ്കോർ 82.2% ആണ്. 2016-17 അക്കാദമിക വർഷത്തെ പ്രവർത്തനങ്ങൾ പരിഗണിച്ചാണ് ഈ സ്കോർ നൽകിയിരിക്കുന്നത്. 2017-18 ൽ കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം (Ministry of Human Resource Development, Government of India) തയ്യാറാക്കിയ പെർഫോമൻസ് ഗ്രേഡ് ഇൻഡക്സ് പ്രകാരം 801-850 സ്കോർ കിട്ടിയ മുൻനിരയിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി പൊതുവിദ്യാഭ്യാസ രംഗത്തെ വിവിധ മേഖലകളിൽ താഴപ്പറയും പ്രകാരമുള്ള നേട്ടങ്ങളും കൈവരിക്കാനായിട്ടുണ്ട്.

1. പൊതുവിദ്യാലയങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചുമുള്ള മികച്ച ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.
2. 8 മുതൽ 12 വരെ ക്ലാസുകളിൽ 4752 സ്കൂളുകളിലെ 45000 ക്ലാസ് മുറികളും 9941 പ്രൈമറി സ്കൂളുകളും ഹൈടെക്കാക്കി ഉയർത്തുന്ന പ്രവർത്തനങ്ങൾ.
3. ക്ലാസ് റൂം വിനിമയം മികവുറ്റതാക്കാൻ 'സമഗ്ര' പോർട്ടൽ ആവിഷ്കരിച്ചു.
4. അദ്ധ്യാപക തസ്തികകൾ ഒരു പരിധിവരെ എല്ലാം നികത്തി.
5. ആവശ്യാധിഷ്ഠിതമായ മെച്ചപ്പെട്ട അദ്ധ്യാപക പരിശീലനങ്ങൾ നൽകി വരുന്നു.
6. ഓരോ കുട്ടിക്കും വ്യക്തിഗത ശ്രദ്ധയും പിന്തുണയും പരിപോഷിപ്പിക്കുന്നതിനായി മെന്ററിംഗ് സംവിധാനം ഏർപ്പെടുത്തി. ഇതിനായി 'സഹിതം' എന്ന പോർട്ടൽ തയ്യാറാക്കിയിട്ടുണ്ട്.
7. വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ വലിയ തോതിലുള്ള പൊതു സമൂഹ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചു.

8. പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി 5.05 ലക്ഷം വർദ്ധനവ് ഉണ്ടായി.

(ബി) വിദ്യാഭ്യാസ മേഖലയ്ക്കായി കേന്ദ്ര സർക്കാർ ബജറ്റിൽ നീക്കി വെച്ച തുകയിൽ ആനുപാതികമായി കുറവ് വരുത്തിയതും വിദ്യാഭ്യാസ മേഖലയിലെ നിക്ഷേപത്തിനായി പിരിക്കുന്ന സെസ്സിൽ വലിയൊരു പങ്ക് സംസ്ഥാനങ്ങൾക്ക് കൈമാറാതെ വകമാറ്റുന്നതും വിദ്യാഭ്യാസ മേഖലയിലെ പൊതു മുതൽമുടക്കിൽ കുറവ് വരുത്തുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികളിൽ കേന്ദ്ര സർക്കാർ ബഡ്ജറ്റിൽ നീക്കി വച്ച തുകയിൽ ആനുപാതികമായി കുറവുവരുത്തിയിട്ടില്ല. എന്നാൽ 2019-20 വർഷത്തേയ്ക്ക് സമഗ്ര ശിക്ഷാ കേരളത്തിന് (എസ്.എസ്.കെ)777.92 കോടി രൂപയുടെ അടങ്കൽ പദ്ധതികൾ അനുവദിക്കുന്നതിന് പ്രോജക്ട് അപ്രൂവൽ ബോർഡ് മീറ്റിംഗിൽ തീരുമാനമെടുത്തിരുന്നു. അതനുസരിച്ച് ഈ അടങ്കൽ തുകയുടെ 60% തുകയായ 466.75 കോടി രൂപ സംസ്ഥാനത്തിന് കേന്ദ്ര വിഹിതമായി ലഭിക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് അപ്രൂവൽ ബോർഡ് മിനിട്സിൽ കേരളത്തിന് കേന്ദ്രവിഹിതമായി 242.16 കോടി രൂപ മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ഇപ്രകാരം കേന്ദ്ര വിഹിതത്തിൽ കുറവുണ്ടാകുന്നതിന് പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിന് ബുദ്ധിമുട്ടനുഭവപ്പെട്ടുന്നുണ്ട്.

(സി) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; പദ്ധതിക്കുള്ള കേന്ദ്ര സഹായത്തിൽ ഉണ്ടാകുന്ന കുറവ് നികത്തിക്കിട്ടാനായി നിരന്തര ഇടപെടൽ നടത്തി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം നടത്തിവരുന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തം ചുവടെ നൽകുന്നു.

1. <u>അക്സസ് & റിട്ടൻഷൻ</u>
   i. റസിഡൻഷ്യൽ ഹോസ്റ്റലുകൾ (6 എണ്ണം)
   ii. സ്കൂളുകളുടെ സിവിൽ വർക്കുകൾ (മേജർ, മൈനർ, റിപ്പയർ ഉൾപ്പെടെ)
   iii. ട്രാൻസ്പോർട്ട് & എസ്കോർട്ട് അലവൻസ്
2. <u>ആർ.ടി.ഇ എൻടൈറ്റിൽമെന്റ്സ്</u>
   i. സൗജന്യ യൂണിഫോം
   ii. സൗജന്യ പാഠപുസ്തകം
   iii. സ്കൂളിന് പുറത്തുള്ള കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ
3. <u>കമ്യൂണിറ്റി മൊബിലൈസേഷൻ</u>
   i. മീഡിയ & ഡോക്യുമെന്റേഷൻ
   ii. എസ്.എം.സി പരിശീലനം / രക്ഷാകർതൃ പരിശീലനം
   iii. സ്കൂൾ പ്രവേശനോത്സവം
4. <u>ക്വാളിറ്റി ഇന്റർവെൻഷൻസ്</u>
   i. ഉല്ലാസ ഗണിതം
   ii. ഗണിതോത്സവം
   iii. ഗണിതവിജയം
   iv. മലയാളത്തിളക്കം
   v. ഹലോ ഇംഗ്ലീഷ്
   vi. സുരീലിഹിന്ദി

vii. കുഞ്ഞുവായന
viii. ശാസ്ത്രപാർക്ക്
ix. ശാസ്ത്ര കൗതുകം
x. ഭൂമിശാസ്ത്ര ലാബ്
xi. ശാസ്ത്രപഥം (ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി)
xii. സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിലും ഇംഗ്ലീഷിലും പഠനപരിപോഷണ പരിപാടികൾ (ഹയർ സെക്കന്ററി , വൊക്കേഷണൽ ഹയർ സെക്കന്ററി)

5. <u>നൂതനാശയ പ്രവർത്തനങ്ങൾ</u>
   i. ചരിത്ര ചുമരുകൾ
   ii. സ്കൂൾ സുരക്ഷ
   iii. സർഗ വിദ്യാലയം
   iv. ജ്വാല
   v. പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ
   vi. ഊരു വിദ്യാകേന്ദ്രം
   vii. ശാലാസിദ്ധി
   viii. വ്യവസായ സ്ഥാപനങ്ങളിലെ പരിശീലനം (വി.എച്ച്.എസ്.ഇ)
   ix. ഇക്കോക്ലബ്
   x. ബാന്റ് കോമ്പറ്റീഷൻ
   xi. കലാ ഉത്സവ്
6. അസസ്മെന്റ് (നാഷണൽ & സ്റ്റേറ്റ് ലെവൽ)
7. അധ്യാപക പരിശീലനം
8. കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്
9. സ്കൂൾ / ക്ലാസ് തല ലൈബ്രറി ശാക്തീകരണം
10. <u>രാഷ്ട്രീയ ആവിഷ്കാർ അഭിയാൻ</u>
   i. ശാസ്ത്ര , ഗണിത ശാസ്ത്ര ക്ലബ്
   ii. ഗണിത കിറ്റ്
   iii. മാതൃകാലാബ്
   iv. വിദ്യാലയ കൂട്ടിച്ചേരൽ പദ്ധതി
   v. വിദ്യാലയവും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളും .
11. പ്രീസ്കൂൾ പിന്തുണ പദ്ധതി
12. ബി.ആർ.സി (Block Resource Coordinator) വഴിയുള്ള അക്കാദമിക പിന്തുണ
13. സി.ആർ.സി (Cluster Resource Coordinator) വഴിയുള്ള അക്കാദമിക പിന്തുണ
14. <u>ടീച്ചർ എഡ്യൂക്കേഷൻ (ഡയറ്റുകളുടെ പ്രവർത്തനം)</u>
   i. എസ്.സി.ഇ.ആർ.ടി
   ii. ലൈബ്രറി നവീകരണം

iv. എസ്.സി.ഇ.ആർ.ടി ക്ക് വേണ്ട സാങ്കേതികവിദ്യ

v. വാർഷിക ഗ്രാന്റ്

15. സ്പോർട്ട്സ് & ഫിസിക്കൽ എഡ്യൂക്കേഷൻ

16. അധ്യാപകരുടെ (സ്പെഷ്യലിസ്റ്റ് അധ്യാപകർക്ക് ) ശമ്പളം.

17. ജെൻഡർ & ഇക്വിറ്റി

18. <u>പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം (ഉൾച്ചേർക്കൽ വിദ്യാഭ്യാസം)</u>

i. വൈദ്യപരിശോധന ക്യാമ്പ്

ii. തെറാപ്പി സേവനങ്ങൾ

iii. ഓട്ടിസം സെന്റർ

iv. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം

v. അലവൻസുകൾ

vi. റിസോഴ്സ് ടീച്ചർമാരുടെ ശമ്പളം

vii. റിസോഴ്സ്ടീച്ചർമാരുടെ ശാക്തീകരണം

viii. റിസോഴ്സ് അധ്യാപകരുടെ ശമ്പളം

ix. ടി.എൽ.എം.നിർമ്മാണം

x. പ്രഥമാധ്യാപക ശാക്തീകരണം

xi. ചങ്ങാതിക്കൂട്ടം

xii. രക്ഷാകർതൃ പരിശീലനം

xiii. സ്പോർട്ട്സ്

xiv. എക്സ്പോഷർ ട്രിപ്പ്

19. വൊക്കേഷണലൈസേഷൻ ഓഫ് എഡ്യൂക്കേഷൻ (തൊഴിലധിഷ്ഠിത വിദ്യാഭ്യാസം)

സമഗ്ര ശിക്ഷാ കേരളത്തിന്റെ പദ്ധതി നടത്തിപ്പിന് കേന്ദ്ര വിഹിതം / കേന്ദ്ര സഹായം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ കുറവു നികത്തിക്കിട്ടാനായി കേന്ദ്ര മാനവ വിഭവശേഷിവികസന മന്ത്രാലയവുമായി സംസ്ഥാന സർക്കാർ നിരന്തര ഇടപെടൽ നടത്തിവരുന്നു. കേന്ദ്ര വിഹിതത്തിൽ കുറവുണ്ടാകുന്ന സാഹചര്യത്തിൽ പരിപാടികളുടെ മുൻഗണന നിശ്ചയിച്ചും, പരമാവധി ചെലവുകൾ ചുരുക്കിയും പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

Namitha.P

**സെക്ഷൻ ഓഫീസർ**